4.18 C10

# കടൽത്തീരത്ത്

- ഒ.വി.വിജയൻ

മലയാള കഥാസാഹിത്യത്തിന് നവീനമുഖം നൽകിയ എഴുത്തുകാരൻ എന്ന നിലയിൽ ചിരസ്മരണീയൻ. കാർട്ടൂണിസ്റ്റ്, ചിന്തകൻ, കോളമിസ്റ്റ് എന്നീ നിലകളിലും വ്യക്തിമുദ്ര പതിപ്പിച്ചു. കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ, എഴുത്തച്ഛൻ പുരസ്കാരം, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, സഞ്ജയൻ പുരസ്കാരം തുടങ്ങി ഒട്ടനവധി ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

**പ്രധാന കൃതികൾ:**

ഖസാക്കിന്റെ ഇതിഹാസം, ധർമ്മപുരാണം, ഗുരുസാഗരം, മധുരം ഗായതി, പ്രവാചകന്റെ വഴി, തലമുറകൾ (നോവൽ); ഒരു നീണ്ട രാത്രിയുടെ ഓർമ്മയ്ക്കായി, അശാന്തി, ബാലബോധിനി, കടൽത്തീരത്ത്, കാറ്റ് പറഞ്ഞ കഥ (കഥാസമാഹാരങ്ങൾ); ഘോഷയാത്രയിൽ തനിയെ, ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മയ്ക്കായി, ഇതിഹാസത്തിന്റെ ഇതിഹാസം (ലേഖനങ്ങൾ)

8.4.18

അർത്ഥം

1. ഓളം - നനവ്
2. സാന്ദ്രം - നിറഞ്ഞ
3. സാന്ത്വനം - ആശ്വാസം, സമാധാനം
4. അശ്രു - മുദ്ര
5. കാൽവണ്ണ - കാൽപാദം
6. മേട് - തിട്ട്ടി
7. മണൽത്തരി - തുണി അലക്കുന്ന സ്ത്രീ
8. താൽപര്യരഹിതം - താൽപര്യമില്ലാത്ത
9. വെള്ളി - വിഷമം
10. കനിവ് - ദയ
11. കനവ് - സ്വപ്നം
12. അവധരിക്കുക - പകരുക
13. വിദ്വേഷം - വെറുപ്പ്

വിപരീതം

1. ദീർഘം x ഹ്രസ്വം
2. രഹിതം x സഹിതം
3. കനവ് x നിനവ്
4. സജീവം x നിർജീവം

4-18

5. നിറവ് × ഉറവ്
6. സമ്പന്നം × ദരിദ്രം

പര്യായം

1. പാടം - വയൽ, കേദാരം
2. പൊതിച്ചോറ് - വഴിച്ചോറ്, പാഥേയം
3. കിനാവ് - കനവ്, സ്വപ്നം
4. നിജം - സത്യം, ഉറപ്പ്
5. സ്വരം - ശബ്ദം, ഒലി
6. സ്വരം - ശബ്ദം, സംഗീതത്തിലെ താളം
7. കനിവ് - ദയ, അലിവ, കരുണ
8. വേറ്റിച്ചി - സുതകർമ്മിണി, വയറ്റാട്ടി
9. കാക്ക - വായസം, ബലിഭുക്ക്
10. ശവം - കുണം, മൃതദേഹം
11. നെറ്റി - ലലാടം, ഫാലം

നാനാർത്ഥം

1. കേട് - തകിടി, ശല്യം
~~2. ഷോഷ്ട്ടി - നാ~~
2. അഞ്ജലി - കൂപ്പുകൈ, കൂട്ടം

8. 8.4.18

അർത്ഥവ്യത്യാസം

1. കനിവ് - ദയ
   കനവ് - സ്വപ്നം

സന്ധി

1. കരിമ്പന - കരി + പന - ആദേശം
2. പനമ്പട്ട - പന + പട്ട - ആദേശം
3. കൊലക്കയർ - കൊല + കയർ - ദ്വിത്വം
4. മരങ്ങൾ - മരം + കൾ - ആദേശം
5. കനിവുറ്റ - കനിവ് + ഉറ്റ - ലോപം
6. കൈപ്പിടം - കൈ + പിടം - ദ്വിത്വം

1·18

7. നിശ്ശബ്ദം - നി:ശ + ശബ്ദം - വിസർഗ്ഗസന്ധി
8. ഇരുമ്പഴി - ഇരുമ്പ് + അഴി · ലോപം
9. ബലിക്കാക്ക - ബലി + കാക്ക - ദ്വിത്വം

സമാസം

1. തീവണ്ടി - തീകൊണ്ട് ഓടുന്ന വണ്ടി
- മധ്യമപദലോപി
2. നെടുവരമ്പ് - നെടുതായ വരമ്പ് - കർമ്മധാരയൻ

3. മഞ്ഞപ്പുല്ല് - മഞ്ഞയായ പുല്ല്
- കർമ്മധാരയൻ
4. നീലിമണ്ണാത്തി - നീലിയെന്ന മണ്ണാത്തി
- നിർദ്ദേശിക തത്പുരുഷൻ
5. ചവിട്ടടിപ്പാത - ചവിട്ടടിയാൽ ഉണ്ടായ പാത
- പ്രയോജിക സമാസം
6. വെട്ടുവഴി - വെട്ടിയ വഴി
- കർമ്മധാരയൻ
7. കൊലക്കയർ - കൊലയ്ക്കുള്ള കയർ
- ഉദ്ദേശിക സമാസം

?-4-18 C.W.

8. വഴിവിളക്ക് - വഴിയിലെ വിളക്ക്
 - ആധാരികാ തത്പുരുഷൻ

9. കൈപ്പടം - കൈയുടെ ~~[illegible]~~ പടം
 - സംബന്ധികാ തത്പുരുഷൻ

10. അപരിചിതം - പരിചയം ഇല്ലാത്ത
 - അവ്യയീഭാവൻ

## ഉത്തരമെഴുതുക:

Q1. വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായി കഥാകൃത്ത് അവതരിപ്പിച്ചത് എങ്ങനെയെല്ലാം?

- കാവ്യാത്മകമായ ഭാഷകൊണ്ട് മലയാള മനസ്സിനെ കീഴടക്കിയ പ്രശസ്ത കഥാകൃത്ത്, ഒ.വി. വിജയൻ മനോഹരമായ ഒരു കഥയാണ് 'കടൽത്തീരത്ത്'.

തന്റെ മകന്റെ വധശിക്ഷയ്ക്ക് സാക്ഷിയാകാനാണ് വെള്ളായിയപ്പൻ കണ്ണൂർക്ക് പോകുന്നത്. വീട്ടിൽ നിന്ന് അയാൾ ഇറങ്ങുമ്പോൾ ഉയർന്ന കൂട്ടനിലവിളി, പാഴുന്ന എന്ന ഗ്രാമത്തിന്റെ ദുഃഖമായി മാറുന്നതായി കഥാകൃത്ത് പറയുന്നു. മാത്രമല്ല

17.4.18 (.2

പിന്നീട് പണമുണ്ടായിരുന്നെങ്കിൽ അവരെല്ലാവരും തന്നെ അയാളോടൊപ്പം പോരുമായിരുന്നു എന്നും, പാവപ്പെട്ട ഈ ഗ്രാമത്തിനുവേണ്ടിയാണ് വെള്ളായിയപ്പൻ പോരുന്നത്, എന്നുമുള്ള പരാമർശങ്ങൾ കണ്ടുണ്ണി തടവിലായത് പാവപ്പെട്ട ഈ ഗ്രാമത്തിനുവേണ്ടിയാണ് എന്ന സൂചന നൽകുന്നു.

വഴിയിൽ വെള്ളായിയപ്പൻ കണ്ടുമുട്ടുന്ന നീലിമണ്ണാത്തിയും, കുട്ട്യസൻമാപ്പിളയും പകരുന്ന സ്നേഹവും സാന്ത്വനവും ശ്രദ്ധേയമാണ്. ദൈവങ്ങളും കാരണവൻമാരും വെള്ളായിയപ്പനെ ആശ്വസിപ്പിക്കുന്നു. അങ്ങനെ വെള്ളായിയപ്പന്റെ ദുഃഖം ഗ്രാമത്തിന്റെ ദുഃഖമായിരുന്നു.

Q2. "വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ വീട്ടിൽനിന്നു കൂട്ടനിലവിളി ഉയർന്നു."
കൂട്ടനിലവിളിക്ക് പ്രേരകമായത് എന്തെല്ലാമായിരിക്കും? ചർച്ചചെയ്യുക.

- കാവ്യാത്മകമായ ഭാഷകൊണ്ട് മലയാള മനസ്സിനെ കീഴടക്കിയ പ്രശസ്ത കഥാകൃത്ത്,

ഒ.വി. വിജയന്റെ മനോഹരമായ ഒരു കഥയാണ് 'കടൽത്തീരത്ത്'.

തന്റെ മകന്റെ വധശിക്ഷയ്ക്ക് സാക്ഷിയാകാനാണ് വെള്ളായിയപ്പൻ കണ്ണൂർക്ക് പോകുന്നത്: വീട്ടിൽ നിന്ന് അയാൾ ഇറങ്ങുമ്പോൾ കൂട്ടനിലവിളി ഉയർന്നു. തനിക്ക് അപരിചിതമായ ഒരു ലോകത്തേക്കാണ് അയാൾ ഏകനായി പോകുന്നത് എന്നതും നിലവിളിക്ക് കാരണമായി. വെള്ളായിയപ്പന്റെ മകൻ കണ്ടുണ്ണിയുടെ മുഖം ഇനിയൊരിക്കലും കാണാൻ കഴിയില്ല എന്ന സത്യവും അവരെ ദുഃഖിപ്പിച്ചു. അവരിലാർക്കും തന്നെ അയാളോടൊപ്പം കണ്ണൂർക്ക് പോകാനുള്ള സാമ്പത്തിക സൗകര്യങ്ങൾ ഉണ്ടായില്ല എന്നതും നിലവിളിക്കു കാരണമായി.

പാഴുതറ എന്ന ഗ്രാമത്തിനുവേണ്ടി തടവിലായ കണ്ടുണ്ണിക്കുവേണ്ടി ഗ്രാമമാകെ വിലപിക്കുന്ന കാഴ്ചയാണ് ഇവിടെ കാണുന്നത്.

C.w.

18.4.18

Q3. "ആകാശത്തിന്റെ ........ സ്വപ്നം"
"പറമ്പിലെ ....... നീണ്ടുപോകുന്നു."
ഗദ്യഭാഷയും കാവ്യാത്മകമാണ്. കഥയിലെ കാവ്യാത്മകമായ ഇത്തരം പ്രയോഗങ്ങൾ കണ്ടെത്തി അവതരിപ്പിക്കുക.

- കാവ്യാത്മകമായ ഭാഷകൊണ്ട് മലയാളി മനസ്സിനെ കീഴടക്കിയ പ്രശസ്ത കഥാകൃത്ത്, ഒ.വി. വിജയന്റെ മനോഹരമായ ഒരു കഥയാണ് 'കടൽത്തീരത്ത്'.

ഒരു കവിതപോലെ മനോഹരമായ കഥയാണ് 'കടൽത്തീരത്ത്'. 'പാഴുതറയിലെ കുടികളിലെല്ലാം സഹാനുഭൂതിയും വിഷാദവും', 'നിറഞ്ഞു', 'ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ ചുടുമായ ചവിട്ടടിപ്പാത', 'കൊലക്കയറായി ചുറ്റിക്കിടക്കുന്ന അപരിചിതരുടെ സംശയഭാഷണങ്ങൾ', 'അസ്തമയത്തിലേക്ക് ഇറങ്ങിപ്പോകുന്ന അപ്പൻ', 'കണ്ണീരിന്റെ ഓർമയുള്ള പൊതിച്ചോറ്'. ദൈവസാ-മാകുന്ന കാറ്റ് വെയിലിന്റെ മുകൾത്തട്ടിൽ നിന്നിറങ്ങിവരുന്ന ബലിക്കാക്കകൾ, തുടങ്ങി കഥയിൽ അങ്ങോളമിങ്ങോളം കാവ്യാത്മകമായ

20.4.18 Hw

# WORKSHEET ANSWERS

Q1. കടൽത്തീരത്ത് എന്ന തലക്കെട്ട് ഈ പാഠഭാഗത്തിന് എപ്രകാരം യോജിക്കുന്നു.

- മകന്റെ ഓർമകൾ വെള്ളായിയപ്പന്റെ മനസ്സിനെ അലട്ടിക്കൊണ്ടിരുന്നു. മകന്റെ മൃതശരീരം ഏറ്റുവാങ്ങാൻ തയ്യാറാവാതെ വെള്ളായിയപ്പൻ കടൽത്തീരത്തെത്തി. കൈപ്പടങ്ങളിൽ നനഞ്ഞുകുതിർന്ന്, കോടച്ചി കെട്ടിക്കൊടുത്ത പൊതിച്ചോറ് വെള്ളായിയപ്പൻ നിലത്തെറിഞ്ഞു. വെയിലിന്റെ മുകൾത്തട്ടിലെവിടെനിന്നോ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവന്നു. കടലിനെയും പൊതിച്ചോറിനെയും മറ്റൊരു പ്രധാന കഥാപാത്രങ്ങളായാണ് ഇവിടെ വിശേഷിപ്പിച്ചിരിക്കുന്നത്. ഇക്കാരണങ്ങളാൽ 'കടൽത്തീരത്ത്' എന്ന തലക്കെട്ട് ഈ പാഠഭാഗത്തിന് യോജ്യമാണ്.

Q2. പുഴ-വെള്ളായിയപ്പനെ ഓർമിപ്പിച്ചതെന്തൊക്കെ?

- കാൽവണ്ണയെ തഴുകിക്കൊണ്ട്, പരൽമീനുകളെ പേറിക്കൊണ്ട് പുഴ ഒഴുകിക്കൊണ്ടിരുന്നു.
- പുഴയുടെ നടുക്കെത്തിയപ്പോൾ കുട്ടിയുടെ

19.20.4.18 H.W

അനുഭവം വെള്ളായിയപ്പനെ തളർത്തി. അപ്പന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്, ഇളം ചൂടുള്ള വെള്ളം, ഇവയെല്ലാമാണ് വെള്ളായിയപ്പനെ പഴയ ഓർമ്മിപ്പിച്ചത്.

Q3. 'അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റി മുറുകി' - എന്തുകൊണ്ട്?

- പാഴുതറയുടെ നെടുവരമ്പു കടന്നാൽ ലോകം മുഴുവൻ അപരിചിതമായിരുന്ന വെള്ളായിയപ്പന്, അപരിചിതരുടെ താൽപര്യരഹിതമായ സംഭാഷണം. എണ്ണമറ്റ കൊലക്കയറിനെപ്പോലെയായിരുന്നു അനുഭവപ്പെട്ടത്. ചോദ്യങ്ങൾക്കുള്ള ഉത്തരം പറയാൻ പറ്റാത്ത അവസ്ഥയിൽ ശ്വാസം മുട്ടുന്ന പോലെയുള്ള അനുഭവത്തിൽ നിന്നുപോയി. തന്റെ മകന്റെ ചിന്തകൾ, മനസ്സിൽ ഓടുന്നതും, തന്നെ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു.

Q4. 'വെള്ളായിയപ്പന്റെ കണ്ണുകൾ വിടർന്നു അവയിൽ അന്ധാളിപ്പു നിറഞ്ഞു' - എപ്പോൾ?

- ~~കണ്ണൂർ ജയിലിൽ കണ്ടുമുട്ടി~~

കണ്ണൂർ ജയിലിലെത്തിയ വെള്ളായിയപ്പൻ,

20.4.18 HW

പാറാവുകാരനെ കൈലാസ് ഏൽപ്പിച്ചതിനു ശേഷം, അയാൾ 'നാളെയാണല്ലേ?' എന്ന് വെളുത്തായിയപ്പനോട് ചോദിച്ചപ്പോളുണ്ടായ അങ്കലാപ്പാണ് (മേൽ പറഞ്ഞിരിക്കുന്നത്) / (പ്രസ്തുതം)

---

Q5. ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിൽ ഇരിക്കുമ്പോൾ വെളുത്തായിയപ്പൻ ചിന്തിച്ചത് എന്തെല്ലാമായിരിക്കാം?

- ജയിലിന്റെ ഉമ്മറത്തെ ചാരുപടിയിലിരിക്കുമ്പോൾ അമ്പലത്തിലെ നട തുറക്കാൻ കാത്തിരിക്കുന്നതിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു. ഇരുമ്പഴികൾക്കു പിന്നിലുള്ള കണ്ണുണ്ണി രാത്രിയിൽ ഉറങ്ങിയുണ്ടാവില്ല. ഉറങ്ങാതെ ഉണർന്നിട്ടുണ്ടാവില്ല, ഉണർന്നാലെ അവന് ചായ കുടിക്കാനുള്ള മനസ്സുണ്ടാവില്ല. എന്നൊക്കെയുള്ള ചിന്തകളാണ് വെളുത്തായിയപ്പന്റെ മനസ്സിൽ ഉയർന്നത്. അവനെ ഒന്നു കാണാൻ അയാൾ കാത്തിരുന്നതിനെയും സൂചിപ്പിക്കുന്നു

---

Q6. 'ഒരു പേറ്റിച്ചിയെപ്പോലെ തന്റെ മകന്റെ ദേഹത്തെ വെളുത്തായിയപ്പൻ പാറാവുകാരിൽ നിന്ന് ഏറ്റുവാങ്ങി' - വരികളിൽ തെളിയുന്ന ഭാവമെന്ത്?

- തന്റെ മകന്റെ ദേഹത്തെ, ഒരു പേറ്റിച്ചിയെപ്പോലെ

20.4.18

പാറാവുകാരിൽ നിന്ന് വെള്ളായിയപ്പൻ ഏറ്റുവാങ്ങി-
പ്പിന്നു വീഴുന്ന് ഒരു കുഞ്ഞിന് കൊടുക്കു-
ന്ന കരുതലും സ്നേഹവുമായിരുന്നു, വെള്ളായിയപ്പൻ
തന്റെ മകന്റെ ദേഹത്തെ ഏറ്റുവാങ്ങുമ്പോഴും
കാണിച്ചത്. ഒരു അച്ഛന്റെ നിസ്സഹായതിനു
മുമ്പിൽ തോറ്റുപോവുകയാണ് ഈ ലോകം.

Q3. തുടർച്ച:

- ഗദ്യത്തിന്റെ പ്രയോഗം കാണാവുന്നതാണ്

ഒരു വ്യത്യസ്ത മുഖം

മലയാള സാഹിത്യത്തിന് ~~മുഖം~~
നൽകിയ കഥാകാരനാണ് ഒ.വി. വിജയൻ.

Q4. "രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയിൽ
സാന്ത്വനത്തിന്റെ നിറവ്." ഇത്തരത്തിൽ അർത്ഥപൂ-
ർണ്ണങ്ങളായ മൗനങ്ങളാണ് കഥയെ പൂരിപ്പിക്കു-
ന്നത്. ചർച്ച ചെയ്യുക.

- കാവ്യാത്മകമായ ഭാഷകൊണ്ട് മലയാള
മനസ്സിനെ കീഴടക്കിയ പ്രശസ്ത കഥാകൃത്ത്,
ഒ.വി.വിജയന്റെ മനോഹരമായ ഒരു കഥയാണ്

'കടൽത്തീരത്ത്' .

വെള്ളായിയപ്പൻ യാത്രതിരിക്കുമ്പോൾ ആദ്യം എതിരേ വന്നത് കുട്ട്യസ്സൻ മാപ്പിള ആയിരുന്നു. പരസ്പരമുള്ള സംബോധനങ്ങളിൽ അവരുടെ സംഭാഷണം ഒതുങ്ങി. ആ വാക്കുകൾക്കിടയിലെ മൗനം വാചാലമായിരുന്നു. വെള്ളായിയപ്പൻ തന്റെ കടങ്ങളെക്കുറിച്ച് പറയാതെ പറയുമ്പോൾ, കുട്ട്യസ്സൻ മാപ്പിളയുടെ വാക്കിൽ സ്നേഹവും സാന്ത്വനവും നിറയുന്നത് വെള്ളായിയപ്പനോടൊപ്പം വായനക്കാരനും അനുഭവിക്കുന്നു.

നീലിയുമായും കണ്ടുണ്ണിയുമായും ഉള്ള സംഭാഷണവും ഇതുപോലെ രണ്ടു വാക്കുകളിൽ ഒതുങ്ങുന്നു. അർത്ഥപൂർണ്ണമായ മൗനം വാചാലമാകുന്ന കാഴ്ചയാണ് ഇവിടെയും കാണുന്നത്.

മനസ്സ് മനസ്സോടു സംസാരിക്കുന്ന, വികാരഭരിതമായ അന്തരീക്ഷങ്ങളിൽ വാക്കുകളെക്കാൾ വാചാലമാകുന്നത് മൗനമാണെന്നുള്ള കണ്ടെത്തലാണ് ഒ.വി. വിജയന്റെ രചനയുടെ പ്രത്യേകത.

23-4-18

C.W

Q5. പൊതിച്ചോറിന് കഥയിൽ സവിശേഷമായ സ്ഥാനമാണുള്ളത്. കഥ വിശകലനം ചെയ്ത് ഈ പ്രസ്താവനയോട് പ്രതികരിക്കുക.

- കാവ്യാത്മകമായ ഭാഷകൊണ്ട് മലയാളി മനസ്സിനെ കീഴടക്കിയ പ്രശസ്ത കഥാകൃത്താണ് ഒ.വി. വിജയന്റെ മനോഹരമായ ഒരു കഥയാണ് 'കടൽത്തീരത്ത്'.

പൊതിച്ചോറ് ഒരു കഥാപാത്രമായി മാറുന്നതായി 'കടൽത്തീരത്ത്' എന്ന കഥയിൽ കാണാം. വെള്ളായിയപ്പനോടൊപ്പം കഥയുടെ ആരംഭം മുതൽ അവസാനം വരെ 'പൊതിച്ചോറ്' ഉണ്ട്.
കഥയുടെ ആരംഭത്തിൽ കോടച്ചിയുടെ കണ്ണീരു വീണ പാഥേയം, യാത്രയിൽ വിശപ്പുകെട്ട വെള്ളായിയപ്പൻ കഴിച്ചില്ല. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട മകന്, അമ്മ കൊടുത്തയച്ച പൊതിച്ചോറ് നൽകുവാൻ അയാൾ ആഗ്രഹിച്ചെങ്കിലും, കണ്ടുണ്ണിയെ മുഖാമുഖം കണ്ട വികാരതീവ്രമായ നിമിഷത്തിൽ അയാൾ അത് മറന്നു.

കഥയുടെ അവസാനം, മകന്റെ ശവ.

23.4.18

സംസ്കരിച്ചതിനു ശേഷം കടൽത്തീരത്തെത്തുന്ന വെള്ളായിയപ്പൻ, പൊതിച്ചോറ് ബലിച്ചോറായി സമർപ്പിക്കുന്നു. ഇങ്ങനെ നോക്കുമ്പോൾ പൊതിച്ചോറ് ഒരു കഥാപാത്രമായ കാഴ്ച്ച ഈ കഥയിൽ നമുക്ക് കാണാം.

Q6. ഒ.വി. വിജയന്റെ കഥകളിൽ കാറ്റ് ശക്തമായ സാന്നിധ്യമാണ്. കാറ്റു പറഞ്ഞ കഥ, 'കടൽത്തീരത്ത്' എന്നീ കഥകൾ വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

- പ്രകൃതി ശക്തികളെ, തന്റെ കഥയ്ക്കും കഥാപാത്രത്തിനും യോജിച്ച വിധത്തിൽ സ്വീകരിക്കുന്ന ഒരു രചനാരീതി ഒ.വി.വിജയന്റെ കഥകളിലുണ്ട്.

'കടൽത്തീരത്ത്' എന്ന കഥയിൽ, കരിമ്പനപ്പട്ടകളിൽ ചേക്കേറുന്ന കാറ്റ് വെള്ളായിയപ്പനെ ആശ്വസിപ്പിക്കുന്നു. കാറ്റിലൂടെ കാരണവന്മാരും ദൈവങ്ങളും സംസാരിക്കുന്നു. വെള്ളായിയപ്പന്റെ ആത്മസംഘർഷങ്ങളിൽ കാറ്റ് സാന്ത്വനമാകുന്നു.

23.4.18



'കാറ്റു പറഞ്ഞ കഥയിൽ' കിഴവൻ കാറ്റിന്റെ തലോടലേറ്റുവിശ്രമിക്കാൻ കൊതിക്കുന്ന കഥാപാത്രത്തെ കാണാം. ഇവിടെ കാറ്റ് ഗൃഹാതുരത ഉണർത്തുന്ന ഒരു പ്രതീകമാണ്.

~~Q7. ആസ്വാദക മനസ്സുകളിൽ ഒരു നവ്യ സ്പർശമായ പെയ്തിറങ്ങുന്ന മനോഹര കഥകളിലൊന്നാണ് പ്രതിഭ~~

Q7. കടൽത്തീരത്ത് എന്ന കഥക്ക് ഒരു ആസ്വാദനം തയ്യാറാക്കുക.

- ആസ്വാദക മനസ്സുകളിൽ ഒരു നവ്യ സ്പർശമായ് പെയ്തിറങ്ങുന്ന മനോഹര കഥകളിലൊന്നാണ് പ്രതിഭാധനനായ കഥാകൃത്ത്, ഒ.വി. വിജയന്റെ കടൽത്തീരത്ത് എന്ന കഥ.

ഹൃദ്യമായ ആഖ്യാനത്തിലൂടെയും മനോഹരമായ ഭാഷയിലൂടെയും വായനക്കാരന്റെ മനസ്സിനെ മാസ്മരികമായ ഒരു ലോകത്തേക്ക്, ഈ കഥ ഉയർത്തുന്നു. തന്റെ മകന്റെ

13471

വധശിക്ഷയ്ക്കു സാക്ഷിയാകാനായി പോകുന്ന വെള്ളായിയപ്പൻ എന്ന പച്ചമനുഷ്യന്റെ ആത്മനൊമ്പരങ്ങളുടെയും നിസ്സഹായതയുടെയും കഥയാണിത്. കോടച്ചിയുടെ കണ്ണീരുപ്പു വീണ പൊതിച്ചോറ്, ബലിച്ചോറായി മാറുന്നിടത്ത് കഥ അവസാനിക്കുന്നു.

യാത്രയിൽ വെള്ളായിയപ്പൻ കണ്ടുമുട്ടുന്ന നിലാവും, പ്രകൃതി ശക്തികളും അയാളെ ആശ്വസിപ്പിക്കുന്നു. കാറ്റും, വെള്ളവും മഹാപാത്രങ്ങളാകുന്ന ഈ കഥയിലെ വാചാല മൗനങ്ങൾ കഥയുടെ മാറ്റുകൂട്ടുന്നു. കണ്ടുണ്ണിയുടെ നെറ്റിയിൽ അമരുന്ന വെള്ളായിയപ്പന്റെ കൈപ്പടം പോലും ആസ്വാദകന്റെ കണ്ണു നനയ്ക്കുന്നു.

Excellent!